(ബി) കരാർ പൂർത്തിയായിട്ടില്ല.

(സി) പ്രോദ്യം ഉദിക്കുന്നില്ല.

ശ്രീ. വി. വി. ദക്ഷിണാമൂർത്തി : ഈ ഗവണ്മെന്റ് ബീർളാക്ക് കൊടുക്കുന്ന മുളയുടെ വില കൂടുവാണെന്നു പറയുന്നതിൽ വല്ല അടിസ്ഥാനവും ഉണ്ടോ ; ഉണ്ടെങ്കിൽ വില വർദ്ധിപ്പിക്കുന്നതിനെപ്പറ്റി ഗവണ്മെന്റ് ആലോചിച്ചിട്ടുണ്ടോ ?

ശ്രീ. ടി. വി. തോമസ് : വിലയല്ല, സീനിയറേജാണ്. ഇപ്പോഴത്തെ കൂടുതലാണെന്നാണ് അഭിപ്രായം. ഇതേ കാലഘട്ടത്തിൽ മൈസൂർ ഗവണ്മെന്റ് മുന്നു ടൺ മുളക്ക് 1 രൂപ 25 പൈസ വച്ചാണ് കൊടുക്കുന്നത്.

ശ്രീ. എം. കെ. ദിവാകരൻ : മാവൂർ റയോൺസ് ഫാക്ടറി മൈസൂറിലേക്ക് കൊണ്ടുപോകുന്നതായി പത്രവാർത്തകൾ കാണുകയുണ്ടായി. അതു ശരിയാണോ ?

ശ്രീ. ടി. വി. തോമസ് : മൈസൂറിലേക്ക് കൊണ്ടുപോകാൻ സാധിക്കുകയില്ല. മൈസൂറിൽ അവരുടെ വേറൊരു യൂണിറ്റ് സ്ഥാപിക്കാൻ നടപടികൾ എടുക്കുന്നുണ്ട്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സെൻട്രൽ പി. എ. സി. യും, സംസ്ഥാന പി. എ. സി. യും ഇതേ സംബന്ധിച്ച് ചില പാകപ്പിഴകൾ ചൂണ്ടിക്കാണിച്ചിരുന്നു. അതുകൂടി പരിഗണിക്കാൻ ഭയവുണ്ടാകുമോ ?

ശ്രീ. ടി. വി. തോമസ് : അത് എയർഡ്രൈയും ഗ്രീനും തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ചാണ് ചൂണ്ടിക്കാണിച്ചിരുന്നത്.

കൈത്തറി വ്യവസായം

* 122. [429] ശ്രീ. പി. രവീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി വ്യവസായത്തിന്റെ മേൽനോട്ടം വഹിക്കുന്നതിനുവേണ്ടി വ്യവസായ ഡിപ്പാർട്ടുമെന്റിൽ ഒരു പ്രത്യേക ജോയിന്റ് ഡയറക്ടറേയും മറ്റു കീഴുദ്യോഗസ്ഥന്മാരേയും നിയമിക്കണമെന്നു ഗവണ്മെന്റിനു നിവേദനം ലഭിച്ചുതെന്നാണ് ;

(ബി) ഇതിനനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

വ്യവസായമന്ത്രി (ശ്രീ. ടി. വി. തോമസ്)

(എ, ബി) കേരളാ സ്റ്റേറ്റ് കൈത്തറി സഹകരണസംഘം 20-2-1969-ൽ ഗവണ്മെന്റിനു സമർപ്പിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ഈ കാര്യം ഗവണ്മെന്റ് പരിഗണിച്ചുവരുന്നു.

വ്യവസായപരമായി പിന്നോക്കം കിടക്കുന്ന പ്രദേശങ്ങൾ

* 123. [430] ശ്രീ. പി. കുഞ്ഞൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായപരമായി പിന്നോക്കം കിടക്കുന്ന പ്രദേശങ്ങളെ വ്യവസായവൽക്കരിക്കുവാൻവേണ്ടി ഇൻഡ്യൻ വ്യാവസായികവികസന ബാങ്ക് സൗജന്യനിരക്കിൽ മൂടുപടധനം നൽകുവാൻ തീരുമാനിച്ച വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ കേരളസർക്കാർ റിസർവ്വ് ബാങ്കുമായോ വ്യവസായവികസനബാങ്ക് ഡയറക്ടർ ബോർഡുമായോ വല്ല കൂടിയാലോചനയും നടത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly